**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് -1999-2000 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-31-ന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം.63/14/തസ്വഭവ. തിരുവനന്തപുരം, തീയതി: 06/01/2014**

---

**പരാമർശം:- 1) ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07/06/2013-ലെ ഇ 6-7494/13-ാം നമ്പർ കത്ത്.**

**2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 05/12/2013-ലെ LF/P.T1/12381/2013-ാം നമ്പർ കത്ത്.**

## ഉത്തരവ്

**ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 1999-2000 ആഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-31 പ്രകാരം 'പട്ടികജാതിക്കാരുടെ വീട് അറ്റക്കുറ്റപ്പണി' എന്ന പദ്ധതിയിൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി വ്യക്തിഗത ആനുകൂല്യങ്ങൾ നൽകിയ വകയിൽ 34,000/- (മുപ്പത്തിനാലായിരം രൂപ മാത്രം) രൂപ ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.**

**പട്ടികജാതിക്കാരുടെ ഉന്നമനം എന്ന ലക്ഷ്യം പരിഗണിച്ചും ജില്ലാ ആസൂത്രണ സമിതി നൽകിയ അംഗീകാരം പരിഗണിച്ചും സർക്കാർ തുടർ വർഷങ്ങളിൽ ഇപ്രകാരം ആനുകൂല്യം നൽകിയിട്ടുള്ളതിനാലും ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവ് സാധൂകരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവ സഹിതം ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന പരാമർശം 1 പ്രകാരം കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്**

**ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്തുത ചെലവുകൾ സർക്കാർ ഉത്തരവിന് വിരുദ്ധമാണെങ്കിൽ കൂടി പട്ടികജാതിക്കാരുടെ ഉന്നമനം എന്ന ലക്ഷ്യം പരിഗണിച്ചും പ്രസ്തുത തുക ഗുണഭോക്താക്കളായ പട്ടികജാതിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട് എന്നതിനാലും തുടർന്ന് പ്രാബല്യത്തിൽ വന്നിട്ടുള്ള സബ്സിഡി മാർഗ്ഗരേഖയിൽ ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ഏജൻസികൾ വഴി വീട് അറ്റകുറ്റപ്പണി നടത്തണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്തതിനാലും പ്രസ്തുത ചെലവിന് സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.**

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 1999-2000 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3.31 പ്രകാരം തടസ്സപ്പെടുത്തിയ 34,000/- (മുപ്പത്തിനാലായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി.എം.സി,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്,
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ